## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*61 — 12.06.2013-ൽ മറുപടിക്ക്.

### ബലരാമൻ കമ്മിറ്റി ശുപാർശകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. ബേബി<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. കെ. കെ. നാരായണൻ<br>ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ബലരാമൻ കമ്മിറ്റി ശുപാർശകൾ എന്തൊക്കെയായിരുന്നെന്നും അവയിൽ ഏതൊക്കെ അംഗീകരിച്ചുവെന്നും അറിയിക്കാമോ; | (എ) ബലരാമൻ കമ്മിറ്റി 50 ശുപാർശകളാണ് നൽകിയിട്ടുള്ളത്. ആയത് അനുബന്ധമായി ചേർത്തിരിക്കുന്നു. റിപ്പോർട്ടിലെ 19 മുതൽ 30 വരെയുള്ള തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിൽ, സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി ഇതിനോടകം തന്നെ ചർച്ച ചെയ്ത് ധാരണയിലെത്തിയിട്ടുണ്ട്. |
| (ബി) നേഴ്സുമാരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്നറിയിക്കാമോ; | (ബി) നഴ്സുമാരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആശുപത്രി വ്യവസായ ബന്ധസമിതി അതാതുസമയങ്ങളിൽ ചർച്ച ചെയ്ത് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) പ്രസ്തുത കമ്മിറ്റി നിർദ്ദേശിച്ച വേതന ഘടനയും സർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ച വേതന ഘടനയും വ്യക്തമാക്കുമോ; | (സി) ബലരാമൻ കമ്മിറ്റി ശുപാർശ ചെയ്ത വേതനഘടന അനുബന്ധമായി ചേർത്തിരിക്കുന്നു. പുതിയ വേതന ഘടന സർക്കാർ പരിഗണനയിലാണ്. |
| (ഡി) വ്യവസായബന്ധ സമിതിയുടെ ഘടനയും അതിന്റെ റിപ്പോർട്ടിലെ നിർദ്ദേശങ്ങളും വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതിയിൽ തൊഴിലാളികളെ പ്രതിനിധീകരിച്ച് 12 പേരും തൊഴിലുടമകളെ പ്രതിനിധീകരിച്ച് 12 പേരുമാണുള്ളത്. ലേബർ കമ്മീഷണർ സമിതി അദ്ധ്യക്ഷനാണ്. വ്യവസായ ബന്ധസമിതി റിപ്പോർട്ടുകൾ തയ്യാറാക്കാറില്ല. യോഗതീരുമാനങ്ങൾ, യോഗ മിനിറ്റ്സിൽ ചേർക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ആഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**